"ഭരണഭാഷ – മാതൃഭാഷ"

നം: ജെ2/48316/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 24/06/2014.

Circulate among all AEO, DEO and HMs
2/7/14

## സർക്കുലർ

**വിഷയം**:– പൊതു വിദ്യാഭ്യാസ വകുപ്പ്– അതാതു സാമ്പത്തിക വർഷത്തെ വിവിധ ശീർഷകങ്ങളിൽ സർക്കാർ വകയിരുത്തുന്ന തുക ചെലവഴിക്കുന്നതിന്റെ റിക്കൺസിൽ ചെയ്ത സ്റ്റേറ്റുമെന്റ് ലഭ്യമാക്കുന്നത്–സംബന്ധിച്ച്.

**സൂചന** :– ഈ കാര്യാലയത്തിൽ നിന്നും വിവിധ ഘട്ടങ്ങളിലായി നൽകിയ കത്തുകൾ, ഓർമ്മക്കുറിപ്പുകൾ, സർക്കുലറുകൾ എന്നിവ.

........

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ശീർഷകങ്ങളിൽ ഓരോ വർഷവും വകയിരുത്തുന്ന തുക ചെലവഴിച്ചതിന്റെ റിക്കൺസിൽ ചെയ്ത സ്റ്റേറ്റുമെന്റ് അക്കൗണ്ടന്റ് ജനറലിനും സർക്കാരിലേക്കും സമയബന്ധിതമായി നൽകേണ്ടതുണ്ട്. ഇങ്ങനെ നൽകുന്ന സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വരും വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസൽ തയ്യാറാക്കുവാനും അധികതുക ചെലവഴിക്കേണ്ടിവന്നാൽ അത് റി–അപ്രോപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ എന്നിവ മുഖേന ക്രമപ്പെടുത്തുവാനും കഴിയുകയുള്ളൂ.(ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 47)

മേൽ സൂചിപ്പിച്ച വിഷയങ്ങൾ പല സാഹചര്യങ്ങളിലും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ രേഖാമൂലവും ഫോൺ മുഖേനയും അറിയിച്ചിട്ടും തക്കതായ നടപടികൾ ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടായികാണുന്നില്ല. തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളിലെ ചെലവ് കണക്കുകൾ യഥാസമയം ശേഖരിച്ച് റിക്കൺസിൽ ചെയ്ത് തരേണ്ടത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. സബ് ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം ലഭിച്ചില്ലായെന്നും ആയത് ലഭിക്കുന്ന മുറക്ക് നൽകാമെന്നുമുള്ള സ്ഥിരം മറുപടിയാണ് മിക്കപ്പോഴും ലഭിക്കുന്നത്. ഇതു അഭിലഷണീയമല്ല. ഒരേ വിഷയത്തിൽ തന്നെ ഒന്നിലധികം ഓർമ്മക്കുറിപ്പുകൾ നൽകേണ്ടി വരുന്നത് ഓഫീസ് പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് ചേർന്നതല്ല. ആയതിനാൽ വിഷയത്തിന്റെ ഗൗരവം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി ഓരോ സാമ്പത്തിക വർഷത്തിന്റെയും റിക്കൺസിൽ ചെയ്ത സ്റ്റേറ്റുമെന്റ് മാസാമാസം ശേഖരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (എല്ലാ സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും സർക്കുലേറ്റ് ചെയ്യേണ്ടതാണ്).
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
5. ടെക്സ്റ്റ് ബുക്ക് ഓഫീസർമാർക്കും.
6. പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണർക്ക്.
7. ഈ കാര്യാലയത്തിലെ കെ,എൻ.ഇ.പി, വൈ, സ്പോർട്ട്സ്, എസ്.പി&റ്റി, നൂൺമീൽ, പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ടുമാർക്കും.

m-26-6-14